ഗൾഫ് മേഖലയിലെ തൊഴിൽ ദൗർലഭ്യം

119 (3309) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് മേഖലയിൽ കേരളീയർക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള സാദ്ധ്യത കുറഞ്ഞ വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എത്രപേർക്ക് പുതുതായി തൊഴിൽ ലഭിക്കുന്നതിന് സാദ്ധ്യതയില്ലാതായിട്ടുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ട് ;

(സി) അവിടെ തൊഴിൽ ഉണ്ടായിരുന്ന എത്രപേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) തൊഴിൽ സാദ്ധ്യതയിൽ ഉണ്ടായിട്ടുള്ള കുറവു മുന്നിൽ കണ്ടു കൊണ്ട് സംസ്ഥാനത്ത് പുതിയ തൊഴിൽ രംഗങ്ങൾ കണ്ടെത്താൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് ;

(ഇ) അതിന്റെ ഫലമായി എത്രപേർക്ക് തൊഴിൽ ലഭിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഇതേപ്പറ്റി ചില കേന്ദ്രങ്ങളിൽ നിന്നും ഉയർന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പക്ഷെ, ഇതു സംബന്ധിച്ച പ്രത്യേക പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

(ഡി & ഇ) പ്രവാസി കേരളീയ ക്ഷേമ ഏജൻസി പ്രവാസി കേരളീയരുടെ വിഭവശേഷിയും തൊഴിൽ പരിചയവും സൃഷ്ടിപരമായ മേഖലകളിൽ പ്രയോജനപ്പെടുത്തി പുതിയ തൊഴിൽ രംഗങ്ങൾ കണ്ടെത്തുന്നതിന് പ്രവാസി സംഘങ്ങൾക്ക് രൂപം കൊടുത്തു വരുന്നു. ഈ പ്രവാസി സംഘങ്ങൾ സ്വയം സഹായക ഗ്രൂപ്പുകളെന്ന നിലയിൽ പ്രവർത്തിച്ച് തിരികെ എത്തിയവരുടെ പുനരധിവാസം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശ്രമിക്കുന്നതാണ്.

വിദേശ മലയാളി അസോസിയേഷന്റെ നിവേദനം

120 (3310) ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ മലയാളി അസോസിയേഷൻ ഭാരവാഹികളുമായി അവരുടെ നിവേദനം സംബന്ധിച്ച് മുഖ്യമന്ത്രി ചർച്ച നടത്തിയോ ;

(ബി) ഇല്ലെങ്കിൽ ചർച്ച് ചെയ്ത് ആവശ്യമായ തീരുമാനങ്ങൾ ഉണ്ടാക്കുവാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly